Lalith Babu

# ഒരു വ്യക്തിയുടെ ഒപ്പ് ആ വ്യക്തിയുടെ സ്വകാര്യതയായി കണക്കാക്കാനാകില്ല എന്ന് വിവരാവകാശ കമ്മീഷൻ നിരീക്ഷിച്ചു

4. ഒരു വ്യക്തിയുടെ ഒപ്പ് സ്വകാര്യ വിവരമായി കണക്കാക്കാൻ സാധിക്കുകയില്ലെന്ന് കമ്മിഷൻ നിരീക്ഷിക്കുകയുണ്ടായി. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് ഒരു സഹകരണസംഘം ഭാരവാഹികളുടെ specimen signature ആയതിനാൽ അത് വിവരാവകാശ നിയമപ്രകാരം പരസ്പര വിശ്വാസത്തിലധിഷ്ഠിതമായ ബന്ധത്തിൽ ലഭിച്ച വിവരമായി കണക്കാക്കാൻ സാധിക്കുകയില്ലെന്ന് കമ്മിഷൻ നിരീക്ഷിക്കുകയുണ്ടായി. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട specimen signature വിവരാവകാശ നിയമപ്രകാരം നിരസിക്കുവാൻ സാധിക്കുകയില്ലയെന്ന് കമ്മിഷൻ നിരീക്ഷിച്ചു.

5. അപ്പീൽ ഹർജിക്കാരൻ രണ്ടാമതായി ആവശ്യപ്പെട്ട "Pay-in-Slip" ന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ല. ഒരു സ്ഥാപനത്തിൽ ലഭ്യമായ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭിക്കുവാൻ പൗരന്മാർക്ക് അവകാശമുണ്ട്".

6. അപ്പീൽ ഹർജിക്കാരൻ മൂന്നാമതായി ആവശ്യപ്പെട്ടത് ഒരു സർക്കാർ ഉത്തരവിന്റെ പകർപ്പാണ്. ഉത്തരവിന്റെ പകർപ്പ് മുതലമട സർവ്വീസ് സഹകരണ ബാങ്കിൽ ലഭ്യമാണെന്ന് എതൃകക്ഷികൾ കമ്മിഷൻ മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി. ഈ വിവരങ്ങൾക്ക് ബന്ധപ്പെട്ട അധികാരികൾ മുമ്പാകെ അപേക്ഷ സമർപ്പിക്കണമെന്ന് നിർദ്ദേശം നൽകിയത് നിയമാനുസൃതമല്ലെന്ന് കമ്മിഷൻ നിരീക്ഷിക്കുകയുണ്ടായി.

7. മേൽപ്പറഞ്ഞ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കമ്മിഷൻ താഴെപ്പറയും പ്രകാരം ഉത്തരവാകുന്നു:

അപ്പീൽ ഹർജിക്കാരൻ 31.7.2006 തീയതി വച്ച് സമർപ്പിച്ച അപേക്ഷയിൽ ഒന്നു മുതൽ മൂന്ന് വരെ നമ്പരുകളിലായി ആവശ്യപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഈ ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി ഏഴ് ദിവസത്തിനുള്ളിൽ അപ്പീൽ ഹർജിക്കാരന് സൗജന്യമായി നൽകേണ്ടതാണ്.

അപ്പീൽ ഇപ്രകാരം തീർപ്പാക്കി ഇന്നേ ദിവസം 2010 മാർച്ച് മാസം 19 -ാം തീയതി കമ്മിഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.